
# എസ്. സലിംകുമാർ



പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം കുറുമ്പകരയിൽ 1959 ഒക്ടോബർ 19ന് ജനനം. അച്ഛൻ വി.ശ്രീധരൻ, അമ്മ പി.താമരാക്ഷി. കേരളത്തിന്റെ വിവിധഭാഗങ്ങളിലും ചെന്നൈ, ജയ്പ്പൂർ എന്നിവിടങ്ങളിലും വിവിധ ജോലികളിൽ ഏർപ്പെട്ടു. ആനുകാലികങ്ങളിൽ എഴുതാറുണ്ട്. ഭാര്യ പുഷ്പവല്ലി, മകൾ സൂര്യ.

വിലാസം : 552/1, ഹലിമാസ് ബിൽഡിംഗ്, മസ്ജിദ് റോഡ്, ബൊമ്മനഹള്ളി, ബാംഗ്ലൂർ - 68
ഫോൺ : 080 - 32430968, മൊബൈൽ : 9739957101
ഇ - മെയിൽ : s.salimkumar@yahoo.co.in

# സമത്വം അഥവാ മുടി

രാജഭരണം നിയമംമൂലം നിരോധിക്കയും ജനാധിപത്യം കൊടികുത്തി വാഴുകയും ചെയ്യുന്ന സമയത്താണ് സകല പ്രവചനങ്ങൾക്കും അതീതവും അജ്ഞാതവുമായ ഒരുവഴിയിലൂടെ ഒരു ദിവസം രാവിലെ ഞാൻ രാജാവായത്. രാജ്യത്ത് ജനാധിപത്യത്തെ അട്ടിമറിച്ചുകൊണ്ട് ഞാൻ കേറി രാജാവായതിന്റെ അസൂയകാരണം പത്രങ്ങളൊക്കെ എന്നെ പുകഴ്ത്തി എഴുതി. അസൂയയും പുകഴ്ത്തലും തമ്മിലുള്ള ബന്ധമാണെങ്കിൽ സ്വാഭാവിക മെന്നതിനേക്കാൾ രാഷ്ട്രീയമാണ്. അതു പുറകാലെ മനസ്സിലാവും. രാജാവായ ഉടനെ ഞാൻ പത്രസമ്മേളനം വിളിച്ചു. ഒരു ദിവസം രാവിലെ ഞാൻ കേറി രാജാവായ ഉടനെ പത്രങ്ങളായ പത്രങ്ങളെല്ലാം തലേന്നു പാതിരാവരെയുള്ള സകല നിലപാടുകളും മാറ്റിക്കൊണ്ട് എന്നെ പുകഴ്ത്തണ്ടത്ര ന്യൂസ്പ്രിന്റു ക്ഷാമമൊന്നും രാജ്യത്തില്ല താനും.

രാജ്യം ഒറ്റയടിക്കു രാജത്വത്തിനു വഴിമാറിയതുകൊണ്ടും ഇതുവരെ വെട്ടത്തില്ലാത്തതുകൊണ്ടും പത്രക്കാരും മറ്റു മാധ്യമങ്ങളും അറിയാതിരുന്ന എന്നെ എങ്ങനെ വരയ്ക്കണമെന്നറിയാൻ കാർട്ടൂസ്റ്റുകളും എന്റെ പടം പിടിക്കാൻ ക്യാമറാ വലകളുംകൊണ്ടു ഫോട്ടാക്കാരന്മാരും ഒക്കെക്കൂടി എന്നെ വളഞ്ഞു. കാര്യമായും കളിയായും പത്രം അച്ചടിക്കാത്തവരും രജിസ്ട്രേഷന്റെ പച്ചയിൽ പേപ്പർ ക്വോട്ടാ കിട്ടുന്നതുകൊണ്ടുമാത്രം ജീവിക്കുന്നവരും വൈന്നേരത്തെ കുപ്പിക്കു കാശില്ലാതെ വലയുന്ന ചില കാഞ്ഞ കറസ്പോണ്ടന്റുമാരും എല്ലാം കൂടി എന്നെ കാണാൻ തയ്യാറെടുത്തു വന്നിരിക്കയാണ്.

സ്കൂൾ, സാക്ഷരത, സാമൂഹ്യസേവനം, ഭൂമി, പെൺവാണിഭം, മീഡിയ മുതലായ സകല മാഫിയാകളുടെയും ഏജന്റുമാരും സ്വാതന്ത്ര്യസമരസേനാനികളുടെ പേരിൽ പെൻഷൻ തട്ടിയെടുക്കുകയും ആനുകൂല്യങ്ങൾ കണക്കു പറഞ്ഞു വാങ്ങിക്കയും ചെയ്യുന്ന കടൽക്കിഴവന്മാരും മറ്റു സകലമാന മാനവരുമടങ്ങുന്ന ഒരു ജനക്കൂട്ടത്തെ കിരീടധാരണച്ചടങ്ങുകൾക്കായി ഒരുക്കിച്ചുകൊണ്ടു വന്നിട്ടുണ്ട്. ഗ്രാമമായ ഗ്രാമങ്ങളിലെല്ലാം കുപ്പിവെള്ളം വിൽക്കുന്ന കമ്പനിക്കാരുടെ വഹയാണ് അവർക്കൊക്കെ ചാപ്പാട്. ഓരോ കുപ്പി കുടിക്കുന്നവന്റെയും ഉള്ളിലെത്തുന്ന ഒരു ബ്രഹ്മചിപ്പ് അവരുടെയൊക്കെ, തലച്ചോറിൽ നിക്ഷേപിക്കപ്പെടുകയും കുപ്പികുടിയന്മാരുടെ ജനസംഖ്യയെ മൊത്തം കുപ്പിക്കമ്പനി വിഴുങ്ങുന്നതും ഒക്കെ കണ്ടിട്ടായിരുന്നു രാജാവിന്റെ രൂപത്തിൽ എന്റെ അവതാരം.

പത്രസമ്മേളനം വിളിച്ചു കൂട്ടുന്നതിനു മുമ്പുതന്നെ ഒരുകാര്യം ഞാൻ അറിയിച്ചിരുന്നു. ആരും എന്നോട് ഒന്നും ചോദിക്കുകയും പറയുകയും ചെയ്യരുത്. അച്ചടിച്ച ഒരു കടലാസ്സ് തരും. പിറകെ ചായ- ചാരായം ഇത്യാദി. പച്ചവെള്ളം വേണ്ടവർക്ക് അതും കിട്ടും കുപ്പിയിലടച്ചത്. തീറ്റയും കുടിയും കഴിഞ്ഞ് പത്രക്കാരെല്ലാം കടലാസ്സും കൊണ്ടു നെട്ടോട്ടമായി. എഴുത്തും ഫാക്സും ഫോണും ഒക്കെയായി ഒരു ലങ്കാദഹനം കഴിഞ്ഞപ്പോഴേക്കും നേരം വെളുത്തു.

അച്ചടിച്ച കടലാസ്സിലുണ്ടായിരുന്നത് എന്റെ രാജസഭയിലെ അംഗങ്ങളുടെ പേരുവിവരമായിരുന്നു. ഒരു ഭാഷയ്ക്ക് ഒരു മൂപ്പൻ എന്ന നിലയ്ക്ക് ഒത്തിരി മൂപ്പന്മാരെ ഞാൻ തെരഞ്ഞുപിടിച്ചു. പറഞ്ഞാൽ കേൾക്കുന്നവരായിരിക്കണം എന്നതായിരുന്നു തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം. അങ്ങനെ മാനമായി ഞാൻ നല്ലൊരു രാജസഭ ഉണ്ടാക്കി അതിലുള്ളവരുടെ പേരു വിവരമായിരുന്നു പത്രത്തിൽ. പത്രത്തിൽ അച്ചടിച്ചാൽ കാണാൻ പാകത്തിനുള്ള ആരും അതിലില്ലാതിരുന്നതിനാൽ എന്റെ പേരും പടവും വലുതായി സകല പത്രത്തിലും വന്നു.

"എന്തിരവൻ കേറി രാജാവായതേ...! എങ്കിലും എന്റെടോ, പണ്ട് പള്ളിക്കൂടത്തിപ്പോവാതെ പറങ്കാവേലും കേറി, തോട്ടിലും ചാടി കറങ്ങി നടന്ന അവങ്കേറി രാജാവായല്ലോ....! കലികാലമാന്നു പറേന്നേനു വേറേ വല്ലോം കാരണം വേണോ....?" തിരുവങ്ങാട്ടു മുക്കിനു മീൻ മേടിക്കാമ്പോയ വല്യമ്മമാരാരാണ്ടു പറഞ്ഞു.

അപ്പഴത്തേക്കും ഭയങ്കര ശബ്ദത്തിൽ മൈക്കും വെച്ചുകൊണ്ടു ലോട്ടറിക്കാരൻ സൈക്കിളിൽ വന്നു. മൈക്കിന്റെ ശബ്ദംകൊണ്ടു വഴിവക്കിലെ തെങ്ങിൽ നിന്ന് ഓലമടലടർന്നു മീങ്കൂട്ടയുടെ മണ്ടയ്ക്കുവീണു. കുറച്ചു മീനൊക്കെ പപ്പടമായി. മീങ്കാരൻ ഓലമടലെടുത്തു ചവുട്ടിയൊടിച്ചു സൈക്കിളിന്റെ കാര്യറിൽ വച്ചു. വീട്ടിപ്പോവുമ്പം കൊണ്ടുപോം. തീയെരിക്കാം.

'ചെലരു രാജാവായാലങ്ങനാ- മീങ്കൊട്ടേടെ പുറത്തൊക്കെ മടലുവീഴും. ആ ലോട്ടറിക്കാരന്റെ പൊറത്താരുന്നു മടലു വീഴണ്ടത്. വീട്ടിന്റകത്തിരുന്നാ ടീവിപ്പരസ്യം. പൊറത്തിറങ്ങി നടന്നാ പരസ്യത്തേത്തട്ടി മറിഞ്ഞു വീഴല്. ഹെന്തൊരു ലോകമാ പകവാനേ- ഇയാക്കടെ മീന്റെ പൊറത്തും വല്യ പരസ്യമൊക്കെ എഴുതി ഒട്ടിച്ചു വിടെടേ സുലേമാനേ. സോണസറുമാരെക്കിട്ടും. മീൻവിക്കാതെതന്നെ അതിക്കൂടുതലു കാശും കിട്ടും. നോക്കുന്നോ...?" മീൻ മേടിക്കാൻ വന്ന വേറൊരമ്മച്ചി പറഞ്ഞു.

"പരസ്യമൊക്കെ ഇപ്പം വെപ്പുസെറ്റിലാ കൊച്ചാടത്തീ. പച്ചമത്തിഡോട്ട് കോം എന്നെ ഞാനും കൊടുത്താമതി..."

ഇങ്ങനെയൊക്കെയുള്ള പൊതജനാഭിപ്രായംമൊത്തം ഞാൻ ആകാശംവഴി പിടിച്ചെടുത്തുകൊണ്ടിരുന്നു. രാജസഭയുടെ ലിസ്റ്റിൽ സകല ഭാഷയുടെയും പ്രതിനിധികളുടെ പേരുണ്ടായിരുന്നു. വിട്ടുപോയ ഭാഷകളുടെ സ്ഥിതിവിവരക്കണക്കുകളാരാഞ്ഞുകൊണ്ടുള്ള ഒരു മുഴുപ്പേജു സർക്കാർ പരസ്യം- അതു പത്ര രജിസ്ട്രാറുടെ പക്കലുള്ള

ലിസ്റ്റുപ്രകാരം രാജ്യത്തെ സകല പത്രങ്ങൾക്കും കൊടുത്തു. ഒരെണ്ണം സദാസമയത്തും ഇന്റർനെറ്റിലും കെട്ടിത്തൂക്കി. മീഡിയായ്ക്കു സമ്പൂർണ്ണ തൃപ്തി. വാർത്തയില്ലെങ്കിലെന്താ. പരസ്യമല്ലിയോ. എം.ബി.എ.ക്കാരുടെ പിള്ളേർക്കു കാശുകൊടുക്കുന്നെ വായിക്കുന്നവരെ സുഹിപ്പിക്കാനാന്നോ. ഞങ്ങക്കു കാശുവേണം. വാർത്തവരും. വാർത്ത പോവും. ഇന്നു കിട്ടുന്ന പരസ്യം നാളെ കിട്ടത്തില്ല. ബ്ലേഡു കമ്പനികളൊക്കെ എത്ര എളുപ്പന്നാ പൊട്ടുന്നെ....? സർക്കാരു പരസ്യം കൊണ്ടു മാത്രം പത്രങ്ങളും നൂരുവോ....?

"എന്റപ്പാപ്പാ- ഒന്നു ചുമ്മായിരി. എന്റെ പത്രം സർക്കാരുപരസ്യം കൊണ്ടു മാത്രമാ നൂരുന്നെ. സർക്കാരു പരസ്യം ഒള്ളപ്പോഴേ ഞാനടിക്കൂ. അതും ഇരുപത്തഞ്ചോ മുപ്പതോ കോപ്പി. എട്ടു പേജാ സാറേ . കമ്പ്യൂട്ടറി കമ്പോസിങ്ങ് അറുനൂറു നെഗറ്റീവ് മുന്നൂറ്റമ്പതു രൂഫാ. പ്ലേറ്റ് അറുനൂറ്റമ്പതു രൂഫാ. രൂഫാ. പേപ്പറ് പതിനെട്ടു രൂഫാ എമ്പതു പൈസാ. അച്ചടി അമ്പതു രൂഫാ. തപാലിൽ അഞ്ചു രൂഫാ. ആകെ ചെലവ് ആയിരത്തി മുന്നൂറ്റി മുപ്പത്തെട്ടു രൂഫാ എമ്പതുപൈസാ. സർക്കാർ പരസ്യക്കൂലി ഒരു പേജ് എമ്പത്തീരായിരത്തെട്ടു രൂഫാ നാപ്പത് പൈസ. ലാഭം കണക്കുകൂട്ടി നോക്കുക. അല്ലറ ചില്ലറ കൈക്കൂലി (ആരും അറിയാതിരിക്കാനും, പത്രത്തിന്റെ പേര് നാലു പേരറിയാനും) ചെലവ് പതിനായിരം രൂപാ. പിന്നെ വേറൊരാൾക്കൊരു ഇരുപതിനായിരം അതാർക്കാന്നു ഞാമ്പറയത്തില്ല. എങ്ങനായാലും മാസം അമ്പതിനായിരം രൂപാ. പത്രമിറങ്ങീല്ലേലെന്താ പത്രക്കട്ടിംഗുകൾ സകല രാഷ്ട്രീയക്കാരന്റടുത്തും ചെല്ലുകേം ചെയ്യും. എല്ലാവരും വിചാരിക്കും- എന്റെ വാർത്ത ആപത്രത്തിലും വരുന്നൊണ്ട്.

ഇങ്ങനെയുള്ളവർക്കും അങ്ങനെയുള്ളവർക്കും എല്ലാവർക്കും നല്ല പരസ്യം കൊടുത്തപ്പോഴേക്കും സംഗതി ഏറ്റു. നിർണ്ണായകമായ അടുത്ത പരസ്യത്തിനായുള്ള ഉഴൽച്ചയിൽ പത്രമായ പത്രങ്ങളൊക്കെ എന്നെ പരിഗണിക്കാൻ തുടങ്ങി.

ആദ്യ പരസ്യത്തിന്റെ ഫലമായി അപ്പഴത്തേക്കും വേറെ ഒരു പ്രശ്നം വന്നു തലേക്കേറി. രാജ്യത്തിന്റെ മുക്കിനും മൂലയ്ക്കും ഒക്കെ നിന്നു ഡലിഗേഷനുകൾ വരാൻ തുടങ്ങി. ഭാഷകളുടെ മൂപ്പന്മാരെ രാജസഭയിലെടുക്കുന്നതിനാൽ പുതിയ പുതിയ ഭാഷകളും സൃഷ്ടിച്ചുകൊണ്ട് ആളുകൾ വരവുതുടങ്ങി. ദർബാറിലിരുന്നിരുന്ന് വൈകുന്നേരം ബാറിൽ നിന്നിറങ്ങാൻ പറ്റാതായി. അതിനു വേണ്ടി പ്രശ്നങ്ങൾ വന്നു തലയിൽ കയറി.

പലപല പുതിയ ഭാഷകളും വന്നു മുമ്പിൽ അവതരിക്കയായി. പതിനായിരം കൊല്ലം പഴക്കമുള്ളതും, ഒരു ലക്ഷം വർഷം പഴക്കമുള്ള വേരുകളുള്ളതും- ഒരാൾ മാത്രം സംസാരിക്കുന്നതും, ഒരക്ഷരം മാത്രമുള്ളതും, ഒരൊച്ചപോലുമില്ലാത്തതും- ഭാഷകൾകൊണ്ടു ബഹളമായി. എന്താ ചെയ്യാമ്പറ്റുന്നെ, ആകെപ്പാടൊരു ബാബേൽ ഗോപുരപ്പണി നിന്നപ്പഴത്തെ മട്ടായി. ദൈവത്തെപ്പേടിച്ചിട്ടു മേലോട്ടു കേറാനും ആൾക്കാരേപ്പേടിച്ചിട്ടു താഴത്തിറങ്ങാനും വയ്യാത്ത മട്ടായി. ആരും പറയുന്ന മറുഭാഷ എനിക്കു മനസ്സിലായില്ല. പുതിയ പുതിയ ഭാഷകളും ലിപികളും കൊണ്ട് ജനങ്ങളെല്ലാം കൂടി ഒരു രാജാവിനെ

ഇത്ര ബുദ്ധിമുട്ടിക്കുന്നതെന്തിനാണ്...? ഏകഭാഷയുടെ സാധ്യതകളെപ്പറ്റി ഞാൻ ചിന്തിച്ചുതുടങ്ങി.

ഏകഭാഷ. അതേതായിരിക്കണം....? ചർച്ചയായി. ന്യൂസ്പ്രിന്ററക്കിയൊള്ള ഊപ്പാടു വന്നു. സകല ഭാഷയിലെയും പത്രങ്ങൾ അവനവന്റെ ഭാഷയിൽ ഏകഭാഷയ്ക്കു ചർച്ചയായി. വിവർത്തകരുടെ കമ്പ്യൂട്ടറുകൾ നിറഞ്ഞു തുടങ്ങി.

ഏകഭാഷ. ഏകത. എനിക്ക് ഉറക്കം വരാതായി. ഏകത്വത്തിലേക്കുള്ള വഴി തേടി മനസ്സ് ബുദ്ധനാവാൻ ഇറങ്ങിത്തിരിച്ചു. മനസ്സിനേ ബുദ്ധനാവാൻ കഴിയൂ. പെണ്ണുമ്പുള്ളേം കൊച്ചനേം വിട്ടൊള്ള ബുദ്ധങ്കളിക്കു ഞാനില്ലേ. നമ്മക്കു വീടും വേണം ഭരണോം വേണം ബുദ്ധോം വേണം. ബുദ്ധം ശരണം ഗച്ഛാമി. ജനങ്ങളെല്ലാം പത്രം വായിച്ചും ടീവികണ്ടും വയർ നിറഞ്ഞപ്പോൾ ഏകത്വത്തിലേക്കുള്ള വഴി ഞാൻ കണ്ടെത്തിക്കഴിഞ്ഞിരുന്നു. അത് ഭാഷയിലൂടെയുള്ള വഴിയല്ലെന്ന് ഉറപ്പായിരുന്നു. എങ്കിലും അതു നിയമം മൂലം നടപ്പാക്കുന്നതിനുമുമ്പ് എനിക്കു കുറെക്കൂടി ആലോചിക്കാനുണ്ടായിരുന്നു. ആദ്യം ആലോചിച്ചു. പിന്നെ കൂടിയാലോചിച്ചു. മൂപ്പന്മാരിലധികവും അവനവന്റെ പ്രദേശത്തെ സ്വീകരണാദികളിൽ പങ്കെടുത്തുല്ലസിക്കയായതുകൊണ്ട് കൂടിയാലോചനയ്ക്കു കുറച്ചുപേരേ ഉണ്ടായിരുന്നുള്ളൂ. അവരൊക്കെ ഉറങ്ങുകയായിരുന്നു. അങ്ങനെ എന്റെ തീരുമാനം ഭൂരിപക്ഷം സഭാംഗങ്ങളും അംഗീകരിച്ചുകൊണ്ടു നിയമമായി. രാജാവായെങ്കിലും ജനാധിപത്യത്തിന്റെ ഹാങ്ങോവർ ബാക്കിയുണ്ടായിരുന്നു. രാജ്യത്തിന്റെ നാനാ ഭാഗത്തുനിന്നും കിട്ടിയ രഹസ്യ റിപ്പോർട്ടുകളിൽ ഒന്ന് ഇങ്ങനെയായിരുന്നു.

ഞായറാഴ്ചയായതുകൊണ്ട് കുമാരന്റെ ബാർബർഷാപ്പിൽ തിരക്കായിരുന്നു. 23-ൽ ചന്തയാണ്. അതും ഓണച്ചന്ത. മുടിവെട്ടിക്കാൻ പിള്ളേരെടെ ലൈൻ. ഷേവു ചെയ്യിക്കാൻ വല്ല്യപ്പന്മാർ. ചേളാവുകെട്ടിന്റകത്തു സാധനങ്ങൾ വരാന്തയിൽ. കുമാരൻ അസ്സലായി മുടിവെട്ടിക്കൊണ്ടിരിക്കുമ്പോഴാണ് നാലഞ്ചു പെൺകുട്ടികൾ അങ്ങോട്ടു കയറി വന്നത്. ഇവരെല്ലാരുങ്കൂടെ ഇങ്ങോട്ടെന്തിനാ വരുന്നെ...? മഹിളാസമാജത്തിന്റെ പിരിവിനെങ്ങാനുമായിരിക്കും. വരുന്നപോലെ വരട്ടെന്നു വെച്ച് കുമാരൻ മുടിവെട്ടു തുടർന്നു. സ്ഥലം നെല്ലു കുത്തു മില്ലുടമയുടെ തലയിലാണ് ഇപ്പോൾ ആശാന്റെ കത്തി മേയുന്നത്.

പെമ്പിള്ളേരിങ്ങു വരാന്തയിൽ കയറി. അവരവിടെ നിന്നു. അകത്തു ബഞ്ചിൽ മൂന്നാളുകൾ. വരാന്തയിൽ രണ്ടാളുകൾ. മുടി വെട്ടാൻ വന്നിട്ട് ഊഴവും കാത്തിരുന്ന് ഇരിക്കപ്പൊറുതിയില്ലാതെ ചാടി നടക്കുന്ന മൂന്നാല് പിള്ളേര് ചന്തയിൽ വരുന്നവരും പോകുന്നവരും. പെമ്പിള്ളേരിൽ ഒരുത്തി കുമാരനോടു ചോദിച്ചു.

"ആശാനേ...., എളുപ്പം കഴിയുവോ....?"

"എന്തിനാ പിരിവിനു വല്ലോം ആന്നേ... പിന്നെങ്ങാനും വാ....."

"പിരിവോ..... അയ്യേ... ഞങ്ങളേന്തോത്തിന് പിരിവെടുക്കാനാ.....? പിരിവിനും തിരിവിനുമൊന്നുമല്ലാശാനേ... ഞങ്ങക്കു മുടി വെട്ടിക്കാനാ....."

"നിങ്ങക്കു മുടിവെട്ടിക്കാനോ..... ആരടെ...?"

"ഞങ്ങടെ അല്ലാണ്ടാരടെയാ....?"

"നിങ്ങക്കു പ്രാന്തൊണ്ടൊ പിള്ളേരേ- ഓണമായിട്ട് എന്റെ സമയം കെടുത്താതെ പോന്നൊണ്ടോ....?"

"അങ്ങനെ പറഞ്ഞാ എങ്ങനാ.... നിങ്ങളു പത്രം വായിക്കത്തില്ലിയോ... ഇതെന്തൊരു ബാർബർഷാപ്പാ. ഒരു പത്രം പോലുമില്ലാത്തെ? പത്രമായ പത്രങ്ങളിലെല്ലാം വാർത്ത വന്നു. ടിവി ചാനലുകളുടേയും കംപ്യൂട്ടറുകളുടേയും ജാലകങ്ങളുടെ മാസ്റ്റർ കീ എന്റെ അടിവസ്ത്രത്തിന്റെ കീശയിലായിരുന്നതിനാൽ അവ അനുസരണയോടെ ദൃശ്യങ്ങൾ ചുരത്തി. രാജ്യത്തു സമത്വം നടപ്പാവുന്നു. ആദ്യപടിയായി എല്ലാ പെണ്ണുങ്ങളും ആണുങ്ങളും ഒരിഞ്ചു നീളത്തിൽ മുടിവെട്ടിക്കണം. അനുസരിക്കാത്തവരുടെ തല മൊട്ടയടിക്കുന്നതും ജയിലിലടക്കുന്നതുമായിരിക്കും. പെണ്ണുങ്ങൾക്കുകൂടി മുടി വെട്ടിക്കൻ രാജ്യത്തെ ബാർബർഷാപ്പുകളിലെല്ലാം ഇന്നുമുതൽ പ്രത്യേക വ്യവസ്ഥ...." ആശാന് ഒന്നും മനസ്സിലായില്ല. ഇന്നു പത്രം നോക്കാൻ സമയം കിട്ടിയില്ല. വന്നപ്പഴേ അമ്മാവൻ എടുത്തുകൊണ്ടുപോയി. ചന്തയായതുകൊണ്ട് എല്ലാവരും ചന്തയിൽ പോയിട്ടേ അമ്മാവൻ റേഷൻകടയിൽ പോകാറുള്ളൂ. അമ്മാവൻ രാവിലെയിരുന്നു പത്രം വായിച്ചുകാണും. എന്നിട്ടും ഒന്നും പറഞ്ഞില്ലല്ലോ. ഈ പെങ്കൊച്ചുങ്ങളു വന്നു നിന്നു പറയുന്നു പെണ്ണുങ്ങളും മുടി വെട്ടിക്കണമെന്ന്. പത്രത്തിലും വന്നിട്ടൊണ്ടെന്ന്. ഇന്നു മൊതലു രാജ്യത്തെ സകല ബാർബർഷാപ്പുകളിലും പ്രത്യേക വ്യവസ്ഥയത്രെ. ടിവിയിൽ ഇപ്പോഴും അതാ വന്നോണ്ടിരിക്കുന്നെ... അതുമാത്രമേയുള്ളൂ എല്ലാ ചാനലിലും. എന്തോന്നു വ്യവസ്ഥ. ആരെന്തോന്നു വ്യവസ്ഥ ചെയ്തു...? ഈ ബാർബർഷാപ്പ് രാജ്യത്തിനു പുറത്താണോ....?

പെൺകുട്ടികൾ അവിടത്തന്നെ നിന്നു. അവരും ബാർബർഷാപ്പിൽ മുടിവെട്ടിക്കാനിരുന്നവരും ഒക്കെക്കൂടി ഈ വിഷയം സംസാരിക്കുമ്പോഴേക്കും സർക്കാർ ജീപ്പിൽ മൈക്കും വച്ചുകെട്ടി വിളിച്ചുപറഞ്ഞുകൊണ്ടു വന്നു. രാജ്യത്താകെ സകലമാന സ്ത്രീജനങ്ങളും മുടി വെട്ടിക്കണമെന്നും, മുടിക്ക് ഒരിഞ്ചു നീളത്തിൽ കൂടതൽ പാടില്ലെന്നും ഇതു നിയമമാണെന്നു നിയമം ലംഘിക്കുന്നവർക്കു കഠിനശിക്ഷയെന്നും, രാജ്യത്തെ സകല ബാർബർഷാപ്പുകളിലും സ്ത്രീകൾക്കു മുടിവെട്ടാൻ പ്രത്യേക വ്യവസ്ഥചെയ്യുന്നതാണെന്നും രാജവിളംബരം-ടീവി, റോഡിയോ എല്ലാം രാവിലെ പത്തു മണിക്ക് ശബ്ദിച്ചു തുടങ്ങി. രാവിലെ അഞ്ചുമുതൽ പത്തുവരെ ഔപചാരികമായി ദേശീയ ലോഡ് ഷെഡ്ഡിംഗ് അഥവാ കറണ്ടുകട്ട് ആയിരുന്നു. അടുത്ത ആളിനെ പുതപ്പിച്ചുവച്ചിട്ട് കുമാരൻ വേഗം അമ്മാവന്റെ റേഷൻ കടയിൽച്ചെന്നു പത്രം റാഞ്ചിയെടുത്തു വന്ന് ഒരു ബീഡിം കൊളുത്തിക്കൊണ്ടു നിന്ന് പത്രം വായിച്ചു. സംഗതിയുടെ കിടപ്പു മനസ്സിലായി. പെങ്കൊച്ചുങ്ങടേം മുടി വെടിയ്യേ പറ്റൂ. എണ്ണയുടെ ചെലവുകുറയും. ജോലി കൂടും. പൈസാ കൂടുതൽ വരും. പക്ഷേ പെണ്ണുങ്ങൾ ആണുങ്ങളെക്കൊണ്ടു മുടി വെട്ടിക്കുമോ....?

പെൺകുട്ടികൾ ആശാനോടു സംസാരിച്ചു തുടങ്ങി.

“ആശാനേ പെണ്ണുങ്ങടെ മുടിവെട്ട് സമത്വത്തിലേക്കുള്ള ആദ്യത്തെ പടിയാണ്. അതു കൊണ്ട് ഞങ്ങൾക്കും സമത്വം വേണം. ഒരു ആണിന്റെ മുടി വെട്ടിക്കഴിഞ്ഞ് ഒരു പെണ്ണിന്റെ മുടി വെട്ടിയാലെന്താ....? അതാ സമത്വം....”

“അതിനു നിങ്ങള് ഇപ്പഴിങ്ങോട്ടു വന്നതെല്ലാ ഒള്ളു. ഇവരൊക്കെ നേരത്തെ വന്നതാ....”

“അതു പറഞ്ഞാപ്പറ്റത്തില്ല. ഞങ്ങക്കു വേഗം ചെന്നു ചോറും കറീം വെക്കാനൊള്ളതാ. ഞങ്ങൾക്കു സമത്വം വേണം....”

“നിങ്ങളും ഇവരും നോക്കിയിരുന്ന സമയം ഒരേപോലാന്നോ- അല്ല. ഇവരിരുന്നേന്റത്രേം നേരം നിങ്ങളും ഇരി. അതാ സമത്തം....”

“അതൊന്നും പറ്റത്തില്ല....”

“പറ്റത്തില്ലേ അങ്ങോട്ടുമാറിനില്ല്..... എനിക്കിവരുടെ മുടിയൊക്കെ വെട്ടണം. ഓണത്തിനെടേലാ ഒരു പുട്ടുകച്ചോടം. പോയിനു പിള്ളാരേ....”

കുമാരനു നല്ല ദേഷ്യം വന്നു. പിള്ളേരു മിണ്ടാതെനിന്നു.

അപ്പഴത്തേക്കും ജാഥവന്നു.

“പെണ്ണുങ്ങളുടെ മുടിവെട്ടാൻ ആണുങ്ങൾക്കെന്തവകാശം....”

“രാജരാജൻ സിന്ദാബാദ്. പുതിയ നിയമം സിന്ദാബാദ്. ഒരിഞ്ചുമുടിയുടെ രാജാവേ ധീരതയോടെ ഭരിച്ചോളൂ. കോടികൾ കോടികൾ പിന്നാലേ. ആൺ പെൺ സമത്വം സിന്ദാബാദ്....”

രാജാവെന്ന നിലയിൽ എനിക്കിതൊക്കെക്കണ്ടപ്പോൾ എനിക്കു വല്യ സന്തോഷമായി. പെണ്ണുങ്ങളൊക്കെ എന്റെ പക്ഷത്താണ്. വളരെക്കാലമായി അവർ ആശിച്ചിരുന്ന സമത്വസുന്ദരരാജ്യം സമാഗതമായതിന്റെ സന്തോഷം അവർക്കുണ്ടായിരുന്നു. രാജാവായതിനാൽ എനിക്ക് വോട്ടുകളെ പേടിക്കേണ്ടായിരുന്നു.

രാജ്യത്താകെ ബ്യൂട്ടി പാർലറുകളുടെ ഒരു നെറ്റുണ്ടാക്കാൻ പദ്ധതിയുമായി ഒരു കമ്പനി മുന്നോട്ടുവന്നു. അതൊക്കെ നിരസിച്ചുകൊണ്ട് ഉത്തരവുകളിറക്കി ഞാൻ തിന്നു കുടിച്ചു കഴിഞ്ഞു. പെണ്ണുങ്ങൾ മുടി വെട്ടിക്കണമെന്നേ ഉത്തരവിൽ പറഞ്ഞിരുന്നുള്ളൂ. തന്മൂലം ഷാമ്പു, കേശതൈല കമ്പനിക്കാർ തടിച്ചു കൊഴുത്തു. കാരണം ആണുങ്ങൾ മുടി വളർത്തരുതെന്ന് പ്രത്യേക നിർദ്ദേശം നിയമത്തിലില്ലാതിരുന്നതിനാൽ അവർ വേഷായി മുടിവളർത്തി. അതോടെ നിയമം ആണുങ്ങൾക്കും ബാധകമാക്കി. മുടിവെട്ടു കൂടിയപ്പോൾ ബാർബർഷാപ്പു ശൃംഖലക്കാർ ടീവി പരിപാടികൾ സ്പോൺസർ ചെയ്തു. അനന്തരഫലങ്ങൾ ഇപ്പോൾ എന്റെ രാജ്യം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

രാജ്യം മൊത്തം ആൺപെൺ മൊട്ടത്തലകൾകൊണ്ടുനിറഞ്ഞു. അങ്ങനെ ചരിത്രത്തിലാദ്യമായി സമത്വം നടപ്പായി.